**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2598 07.10.2016 ൽ മറുപടിയ്ക്ക്**

**നിശ്ചിത കാലാവധി കഴിഞ്ഞ വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിശ്ചിത കാലാവധി കഴിഞ്ഞ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പതിനഞ്ച് വർഷം കഴിഞ്ഞ ബസ്സുകൾക്കൊഴികെ മറ്റു യാതൊരു വാഹനങ്ങൾക്കും കാലാവധി നിർണ്ണയിച്ചിട്ടില്ല. |
| (ബി) | സംസ്ഥാന സർക്കാർ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങളിൽ 10 വർഷത്തിനു മുകളിൽ കാലപ്പഴക്കം ഉള്ള എത്ര വാഹനങ്ങൾ ഉണ്ടെന്ന് വകുപ്പ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (ബി)<br>&<br>(സി) | മോട്ടോർ വാഹന വകുപ്പിൽ ആകെയുള്ള 189 വാഹനങ്ങളിൽ 58 വാഹനങ്ങൾ 10 വർഷത്തിനു മുകളിൽ ഉള്ളവയാണ്. മൂന്ന് വാഹനങ്ങൾ ലേലം ചെയ്ത് വില്പന നടത്തിയിട്ടുണ്ട്. അവയ്ക്ക് പകരം വാഹനം ഒന്നും ലഭ്യമായിട്ടില്ല. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (സി) | കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര സർക്കാർ വാഹനങ്ങൾ ലേലം ചെയ്ത് വിൽപ്പന നടത്തിയിട്ടുണ്ടെന്നും അവയ്ക്ക് പകരം വാഹനം ലഭ്യമാക്കിയിട്ടുണ്ടോ എന്നും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ